# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

പി.ആർ.ഒ./39/275/2018 2018 ഡിസംബർ 20

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

രണ്ടാം സെമസ്റ്റർ എം.എൽഐ.എസ്‌സി. (2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, ഡിപ്പാർട്ട്‌മെന്റ്) പരീക്ഷകൾ ജനുവരി 11ന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 31 വരെയും 500 രൂപ പിഴയോടെ ജനുവരി ഒന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ മൂന്നു വരെയും അപേക്ഷിക്കാം. ആദ്യമായി പരീക്ഷയെഴുതുന്നവർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 125 രൂപയും അടയ്ക്കണം.

ഒൻപതാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2014 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജനുവരി 11 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 31 വരെയും 500 രൂപ പിഴയോടെ ജനുവരി ഒന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ ജനുവരി മൂന്നു വരെയും അപേക്ഷിക്കാം.

**സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാം**

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി. എസ്‌സി. നഴ്‌സിംഗ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഇരട്ടമൂല്യനിർണയം നടത്തിയതിനാൽ പുനർമൂല്യനിർണയ അവസരം റദ്ദാക്കി. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 29 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണയത്തിന് അപേക്ഷിച്ചവരുടെ ഫീസ് തിരികെ നൽകും. വിദ്യാർഥികൾ പേര്, അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്.സി. കോഡ് എന്നിവ രേഖപ്പെടുത്തിയ അപേക്ഷ ഡിസംബർ 29നകം പരീക്ഷകൺട്രോളറുടെ ഓഫീസിൽ നൽകണം.

**പരീക്ഷഫലം**

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഹോം സയൻസ് - കമ്മ്യൂണിറ്റി ആന്റ് ഫാമിലി സയൻസ്, ചൈൽഡ് ഡെവലപ്‌മെന്റ് ആന്റ് ബിഹേവിയർ സയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി അഞ്ചുവരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ബ്രാഞ്ച് VB അപ്ലൈഡ് കെമിസ്ട്രി (ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, നോൺ സി.എസ്.എസ്., മേഴ്‌സി ചാൻസ്), ബ്രാഞ്ച് III കെമിസ്ട്രി (നോൺ സി.എസ്.എസ്., മേഴ്‌സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി നാലു വരെ അപേക്ഷിക്കാം.

**'സുകൃതം 2018' എൻ.എസ്.എസ്.**

**സപ്തദിന ക്യാമ്പുകൾ ഇന്നു മുതൽ (ഡിസംബർ 21)**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്‌കീമിന്റെ 'സുകൃതം 2018' സപ്തദിന സ്‌പെഷൽ ക്യാമ്പുകൾ ഇന്ന് (ഡിസംബർ 21) ആരംഭിക്കും. ഇതാദ്യമായാണ് 227 എൻ.എസ്.എസ്. യൂണിറ്റുകളുടെയും ക്യാമ്പുകൾ ഒരേ ദിവസം ആരംഭിക്കുന്നത്. പ്രളയ ദുരിതാശ്വാസ പ്രവർത്തനമാണ് ക്യാമ്പുകളുടെ പ്രധാന കർമ്മപരിപാടി. സർവകലാശാലതല ഉദ്ഘാടനം ഇന്ന് (ഡിസംബർ 21) കുമരകം

വള്ളാറ പള്ളി ബി.സി.എം. പാരിഷ് ഹാളിൽ നടക്കും. വൈകീട്ട് 4.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. അഡ്വ. കെ. സുരേഷ് കുറുപ്പ് അധ്യക്ഷത വഹിക്കും.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തും. മുൻ എം.എൽ.എ. തോമസ് ചാഴികാടൻ, കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. സലിമോൻ, ജില്ലാ പഞ്ചായത്തംഗം ജയേഷ് മോഹൻ, ബ്ലോക്ക് പഞ്ചായത്തംഗം കെ.എം. ബാബു, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. റോയി സാം ഡാനിയേൽ, ഗ്രാമപഞ്ചായത്തംഗങ്ങളായ ഉഷ സാലി, ഡോ. മാഗി ജോൺ, എൻ.എസ്.എസ്. റീജണൽ ഡയറക്ടർ ജി.പി. സജിത് ബാബു, സംസ്ഥാന ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, പ്രിൻസിപ്പൽമാരായ പ്രൊഫ. ജോസഫീന സൈമൺ, ഡോ. ജാൻസി തോമസ്, ഡോ. ജി.പി. സുധീർ, ഫാ. ജയിംസ് പൊങ്ങാനയിൽ എൻ.ആർ. ബിനു, വിഷ്ണു ഷാജി, ഫാ. ബൈജു മാത്യു എന്നിവർ പങ്കെടുക്കും. കോട്ടയം ബി.സി.എം, ബസേലിയസ്, സി.എം.എസ്., കുമരകം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് കുമരകത്തെ ക്യാമ്പിൽ പങ്കെടുക്കുക. ഉദ്ഘാടനത്തോടനുബന്ധിച്ച് വൈകീട്ട് നാലിന് ആറ്റാമംഗലത്തുനിന്ന് ബി.സി.എം. പാരിഷ് ഹാളിലേക്ക് വിളംബരജാഥ നടക്കും.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/276/2018 2018 ഡിസംബർ 20

## വാർത്താക്കുറിപ്പ് – 2

---

**പരീക്ഷഫലം**

2018 ജൂൺ/ജൂലൈ മാസങ്ങളിൽ മാറമ്പള്ളി എം.ഇ.എസ്. കോളേജ്, എറണാകുളം സെന്റ് ആൽബർട്സ് കോളേജ് എന്നിവിടങ്ങളിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.വോക് - ലോജിസ്റ്റിക്സ് മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഏഴുവരെ അപേക്ഷിക്കാം.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**